58 (582) റവന്യൂകാർഡിനുള്ള അപേക്ഷ സമർപ്പിക്കാനുള്ള തീയതി നീട്ടാൻ നടപടി

ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി : താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ കാർഡിനുള്ള അപേക്ഷാഫോറം ആവശ്യാനുസരണം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ഫാറം കിട്ടുന്നതിനു കാലതാമസം നേരിടുന്നതിനാൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2000 ജൂലായ് 31 ആയി നിശ്ചയിക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ അർഹരായ മുഴുവൻ കുടുംബങ്ങൾക്കും ആവശ്യാനുസരണം റവന്യൂ കാർഡിനുള്ള അപേക്ഷാ ഫാറങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതി 31-7-2000 വരെ നീട്ടിയിട്ടുണ്ട്.

59 (583) മിച്ചഭൂമി വിതരണം

ശ്രീ. പി. വിശ്വൻ :
ശ്രീ. പി.കെ. കുമാരൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. രാജു എബ്രഹാം : താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് "മിച്ചഭൂമി വിതരണം ചെയ്യുന്നത് സംബന്ധിച്ച്" സർക്കാർ എന്തൊക്കെ നടപടി സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ സർക്കാരിന്റെ കൈവശമുള്ള മിച്ചഭൂമിയുടെയും ഈ വർഷം വിതരണം ചെയ്യുന്നതിനായി തയ്യാറായിട്ടുള്ള മിച്ചഭൂമിയുടെയും കണക്ക് വ്യക്തമാക്കുമോ;

(സി) മിച്ചഭൂമി വിതരണം ചെയ്യുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള മാനദണ്ഡം വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ഹെക്ടർ ഭൂമി വിതരണം ചെയ്തുവെന്ന് വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്തു സ്വന്തമായി ഭൂമി ഇല്ലാത്തവർ എത്ര എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) സംസ്ഥാനത്ത് പുഴ, റോഡ്, കനാൽ പുറമ്പോക്കുകളിൽ കഴിയുന്നവർക്കെല്ലാം കൈവശരേഖ നൽകുന്ന നടപടിയുടെ പുരോഗതി വ്യക്തമാക്കുമോ;

(ജി) മിച്ചഭൂമി സംബന്ധിച്ച് കോടതികളിൽ തീർപ്പാക്കാതെ കിടക്കുന്ന കേസുകളിൽ തീർപ്പു കൽപ്പിക്കാൻ എന്തെങ്കിലും നടപടി സ്വീകരി

LIBRARY ARCHIVES Kerala Legislative Assembly

ച്ചുവോ; എങ്കിൽ ഇതിനായി പ്രത്യേകിച്ച് ബഞ്ച് രൂപീകരിക്കുന്ന കാര്യം ഹൈക്കോടതിയുമായി ചർച്ച ചെയ്തുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എച്ച്) മലബാർ മേഖലയിൽ ദേശീയ ഭൂമിയായി പ്രഖ്യാപിക്കപ്പെട്ട എത്ര ഏക്കർ ഭൂമി ഭൂരഹിതർക്ക് വിതരണം ചെയ്തുവെന്ന് വെളിപ്പെടുത്തുമോ;

(ഐ) മിച്ചഭൂമി ഏറ്റെടുക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്ന നടപടി കൂടുതൽ ഫലപ്രദവും ത്വരിതവുമാക്കുന്നതിന്റെ ഭാഗമായി അതത് തദ്ദേശ ഭരണസ്ഥാപനങ്ങളെ പ്രാഥമിക ചുമതല ഏൽപ്പിക്കുന്നതിന് സർക്കാർ ഉദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് മിച്ചഭൂമി വിതരണം ത്വരിതപ്പെടുത്തുന്നതിലേയ്ക്കുള്ള നിർദ്ദേശം ബന്ധപ്പെട്ട എല്ലാ ജില്ലാ കളക്ടർമാർക്കും നൽകിയിട്ടുണ്ട്. വിതരണത്തിന് ലഭ്യമായ മുഴുവൻ ഭൂമിയും വിതരണം ചെയ്യുന്നതിനും പൊതു ആവശ്യത്തിന് നീക്കി വച്ചതിൽ ഉപയോഗിക്കാതെ ബാക്കി കിടക്കുന്ന ഭൂമിയിൽ വിതരണ യോഗ്യമായത് പതിച്ച് നൽകുന്നതിനുള്ള നടപടികളും നടന്നുവരുന്നു.

(ബി) ഏറ്റെടുത്തതിൽ വിതരണത്തിന് ബാക്കിയുള്ളത് 10982 ഏക്കർ ഭൂമിയാണ്. ഇതിൽ 4624 ഏക്കർ സ്റ്റേയിലും 5253 ഏക്കർ വനഭൂമി തർക്കം/അന്യ കൈവശത്തിൽപ്പെട്ടതാണ്.

(സി) ഭൂപരിഷ്ക്കരണ നിയമത്തിലെ 96-ാം വകുപ്പനുസരിച്ചാണ് സംസ്ഥാനത്ത് മിച്ചഭൂമി വിതരണം നടത്തി വരുന്നത്. ഇതനുസരിച്ച് വിതരണത്തിന് ലഭ്യമായ മിച്ചഭൂമിയുടെ 50% ഭൂരഹിത കർഷക തൊഴിലാളികൾക്കും ബാക്കി 50% പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും സാമൂഹികവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന മറ്റു വിഭാഗങ്ങളിലെ കർഷക തൊഴിലാളികൾക്കും നൽകണമെന്നാണ് വ്യവസ്ഥ.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 31-3-2000 വരെയുള്ള കാലഘട്ടത്തിൽ 980.5668 ഹെക്ടർ മിച്ചഭൂമിയാണ് വിതരണം ചെയ്തിട്ടുള്ളത്.

(ഇ) സ്വന്തമായി ഭൂമിയില്ലാത്തവർ എത്രയെന്ന് ഇതുവരെ കണക്കാക്കപ്പെട്ടിട്ടില്ല.

(എഫ്) 7-7-1997-ലെ ജി.ഒ(എം.എസ്സ്)511/97/റവന്യൂ നമ്പർ സർക്കാർ ഉത്തരവ് അനുസരിച്ച് ഗ്രാമപഞ്ചായത്തുകളിലെ തോട്, പുഴ, കുളം, റോഡ് പുറമ്പോക്കുകളിലെ കൈവശക്കാർക്ക് ചില വ്യവസ്ഥകൾക്ക് വിധേയമായി കൈവശ രേഖ നൽകാൻ ഉത്തരവായിട്ടുണ്ട്.

(ജി) കോടതിയിൽ തീർപ്പാക്കാതെ കിടക്കുന്ന കേസുകൾ കാര്യക്ഷമമായി കൈകാര്യം ചെയ്തു തീർപ്പു കൽപ്പിക്കുന്നതിലേയ്ക്ക് രണ്ട് ഗവൺമെന്റ് പ്ലീഡർമാരുടെ തസ്തിക സൃഷ്ടിച്ചു. അവരുടെ സേവനം ഭൂപരിഷ്ക്കരണ കേസുകൾക്കായി മാത്രം വിട്ട് കൊടുത്തിട്ടുണ്ട്. പ്രത്യേക ബഞ്ച് രൂപീകരിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) ഭൂപരിഷ്കരണ നിയമ പ്രകാരം ദേശീയ ഭൂമിയായി ഭൂമി യൊന്നും പ്രഖ്യാപിച്ചിട്ടില്ല.

(ഐ) അനൗദ്യോഗിക അംഗങ്ങളെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് രൂപീ കരിച്ചിട്ടുള്ള താലൂക്ക് ലാന്റ് ബോർഡുകളുടെ നിയന്ത്രണത്തിലാണ് മിച്ചഭൂമി ഏറ്റെടുക്കലും വിതരണവും ഈ പ്രക്രിയയുടെ ചുമതല തദ്ദേശ സ്ഥാപന ങ്ങളെ ഏൽപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

60 (584) ചടയമംഗലം മണ്ഡലത്തിലെ പട്ടയം ലഭിച്ചവരുടെ കണക്ക്

ശ്രീമതി ആർ. ലതാദേവി : താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചടയമംഗലം നിയോജകമണ്ഡലത്തിലെ വിവിധ വില്ലേജുകളിലായി എത്രപേർക്ക് പട്ടയം നൽകി യിട്ടുണ്ട്; അവരുടെ പേരുവിവരവും വസ്തുവിന്റെ വിവരവും വിശദമാക്കുമോ;

(ബി) മണ്ഡലത്തിലെ വിവിധ വില്ലേജുകളിൽ പട്ടയം നൽകാനുള്ള എത്ര അപേക്ഷകളുണ്ടെന്നും ഇവയിൽ നടപടി പൂർത്തിയായവ എത്രയെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത അപേക്ഷകളിൽ അടിയന്തിരമായി തീർപ്പു കല്പിച്ച് എപ്പോൾ പട്ടയം നൽകുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ചടയമംഗലം നിയോജകമണ്ഡലത്തിലെ വിവിധ വില്ലേജുകളി ലായി 322 പേർക്ക് 26.41.40 ഹെക്ടർ സ്ഥലത്തായി പട്ടയം നൽകിയിട്ടുണ്ട്. പട്ടയം ലഭിച്ചവരുടെ പേരുവിവരവും വസ്തുവിന്റെ വിവരവും പിന്നാലെ അറി യിക്കുന്നതാണ്.

(ബി) പട്ടയം നൽകാനുള്ള അപേക്ഷകളുടെ എണ്ണം 180 ഉം നടപടി പൂർത്തിയായവരുടെ എണ്ണം 30 ഉം ആണ്.

(സി) പ്രസ്തുത അപേക്ഷകളിന്മേൽ, പട്ടയം നൽകുന്നതിനായി അടി യന്തിര നടപടി സ്വീകരിച്ചു വരുന്നു. നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പട്ടയം നൽകുന്നതാണ്.

61 (585) അബ്കാരി ലേലത്തിൽ പങ്കെടുക്കുന്നവർക്കു വേണ്ടി യുള്ള സോൾവൻസി സർട്ടിഫിക്കറ്റ്

ശ്രീ. പി.കെ.കെ. ബാവ :

ശ്രീ. നാലകത്ത് സൂപ്പി :

ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അബ്കാരി ലേലത്തിൽ പങ്കെടുക്കുന്നവർക്ക് വേണ്ടി യഥാർത്ഥ വസ്തുവിലയേക്കാൾ കൂടുതൽ കാണിച്ച് റവന്യൂ ഉദ്യാഗസ്ഥന്മാർ സോൾവൻസി സർട്ടിഫിക്കറ്റ് നൽകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly